# കണ്ണൂർ ജില്ലയിൽ ആറളം ഫാമിലെ 1400 ആദിവാസി കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ വീട്ടുപടിക്കലെത്തിച്ച് കുടുംബശ്രീ

കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ കഴിയുന്ന 1400 ആദിവാസി കുടുംബങ്ങൾക്ക് റേഷൻ ധാന്യങ്ങൾ വീട്ടിലെത്തിച്ച് കുടുംബശ്രീ കണ്ണൂർ ജില്ലാമിഷൻ. ജില്ലാഭരണകൂടവും പട്ടികവർഗ വികസനവകുപ്പും കുടുംബശ്രീയും സംയുക്തമായാണ് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. ലോക്ക് ഡൗണിനെ തുടർന്ന് ജില്ലയിൽ ഒറ്റപ്പെട്ടു പോയ പട്ടികവർഗ വിഭാഗക്കാർക്ക് അവശ്യസേവനങ്ങൾ എത്തിക്കുന്നതിന്റെ ഭാഗമായാണ് ഓരോ കുടുംബത്തിനും 30 കിലോ അരിയും 15 കിലോ ഗോതമ്പും എത്തിച്ചു കൊടുത്തത്.  ഭക്ഷ്യവസ്തുക്കൾ കിട്ടാതെ വിഷമിച്ച നൂറുകണക്കിന് കോളനി നിവാസികൾക്ക് ആശ്വാസം നൽകുന്നതായിരുന്നു ഈ സഹായം.

ലോക്ക് ഡൗണിനെ തുടർന്ന് വാഹന ഗതാഗതം നിലച്ചതോടെ ആറളം ഫാമിലെ 1600 കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ വാങ്ങാൻ കടയിൽ  പോകാൻ കഴിയാത്ത അവസ്ഥയായിരുന്നു. യാത്രാ സൗകര്യങ്ങളില്ലാതെ ഇവർ നേരിടുന്ന പ്രയാസങ്ങൾ അനിമേറ്റർമാരും എസ്.റ്റി പ്രമോട്ടർമാരും നേരിൽ കണ്ടു മനസിലാക്കിയിരുന്നു. തുടർന്നാണ് ജില്ലാഭരണകൂടവും പട്ടികവർഗ വികസന വകുപ്പുമായി ചേർന്ന് കുടുംബശ്രീയുടെ നേതൃത്വത്തിൽ ഇവർക്കെല്ലാം ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത്. ആകെ 1600 കുടുംബങ്ങൾ താമസിക്കുന്ന ആറളം ഫാമിൽ റേഷൻ കടകളുടെ സമീപം താമസിക്കുന്ന ഇരുനൂറോളം കുടുംബങ്ങൾ നേരിട്ടു പോയി അരിയും ഗോതമ്പും വാങ്ങി. ഇതിനു കഴിയാത്ത 1400 കുടുംബങ്ങൾക്കാണ് ഭക്ഷ്യധാന്യങ്ങൾ വീട്ടിലെത്തിച്ചത്.

ആറളം ഫാമിൽ നിന്നും ബസിൽ അഞ്ചു കിലോമീറ്റർ പുറത്തേക്ക് സഞ്ചരിച്ച് ടൗണിലെത്തിയെങ്കിൽ മാത്രമേ ആദിവാസി കുടുംബങ്ങൾക്ക് റേഷൻ ധാന്യങ്ങളും മറ്റ് അവശ്യസാധനങ്ങളും വാങ്ങാൻ കഴിയൂ. ലോക്ക് ഡൗൺ നിലവിൽ വരികയും യാത്രാ മാർഗങ്ങൾ ലഭ്യമാകാതിരിക്കുകയും ചെയ്തതോടെ ആയിരത്തി അറുനൂറോളം വരുന്ന ആദിവാസി കുടുംബങ്ങൾക്ക് റേഷൻ വാങ്ങാൻ കോളനിക്കു പുറത്ത് പോകാൻ കഴിയാതെയായി. ഇതേ തുടർന്നാണ് ജില്ലാ ഭരണകൂടവും കുടുംബശ്രീയും കൈകോർത്തു കൊണ്ട് ഇവർക്ക് റേഷൻ പ്രകാരമുള്ള ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത്.

കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ ആറളം ഫാമിലെ ആദിവാസി കുടുംബങ്ങൾ റേഷൻ വാങ്ങുന്ന മൂന്നു റേഷൻ വ്യാപാരികളുമായി ചർച്ച നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ റേഷൻ കടകളിൽ നിന്നും ഓരോ കുടുംബത്തിനും അർഹതപ്പെട്ട റേഷൻ വാങ്ങി കുടുംബശ്രീ വഴി ആറളം ഫാമിലെ കുടുംബങ്ങളിൽ നേരിട്ട് എത്തിക്കാം എന്നു ധാരണയാവുകയായിരുന്നു. ഇതിനായി ആദ്യം  കുടുംബശ്രീ അനിമേറ്റർമാർ, പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള എസ്.റ്റി പ്രമോട്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ കോളനിയിൽ കഴിയുന്ന ഓരോ ആദിവാസി കുടുംബത്തിന്റെ പക്കൽ നിന്നും അവരുടെ റേഷൻ കാർഡ് ശേഖരിച്ചു.  അതിനു ശേഷം ഓരോ കാർഡിനും അർഹതപ്പെട്ട  അരിയും ഗോതമ്പും  റേഷൻ കടകളിൽ നിന്നു വാങ്ങി ഓരോ കുടുംബത്തിനും നേരിട്ടെത്തിക്കുകയായിരുന്നു. ആറളം ഫാമിന്റെ വാഹനത്തിലാണ് ഭക്ഷ്യധാന്യങ്ങൾ കോളനിയിലെത്തിച്ചത്. ഏപ്രിൽ ഒന്ന്, രണ്ട്, നാല് എന്നീ ദിവസങ്ങളിലായിരുന്നു  ഭക്ഷ്യവസ്തുക്കളുടെ വിതരണം. കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവരും ആദിവാസി കുടുംബങ്ങൾക്ക് അരിയും ഗോതമ്പും എത്തിച്ചു കൊടുക്കുന്നതിൽ പങ്കാളികളായി.

റേഷൻ ധാന്യങ്ങൾ എത്തിച്ചതു കൂടാതെ ആവശ്യമുള്ളവർക്ക് മരുന്നും വാങ്ങി നൽകുന്നുണ്ട്. ഇനി സർക്കാർ പ്രഖ്യാപിച്ച ഭക്ഷ്യ കിറ്റ് വിതരണം ചെയ്യുന്ന സമയത്ത് അതും കുടുംബശ്രീ പ്രവർത്തകർ, എസ്.റ്റി പ്രമോട്ടർമാർ, സന്നദ്ധ സംഘടനയിലെ അംഗങ്ങൾ എന്നിവർ ചേർന്നു ആറളം ഫാമിലെ ആദിവാസി കുടുംബങ്ങൾക്ക് അവരുടെ വീടുകളിൽ നേരിട്ടെത്തിക്കാനാണ് പരിപാടി.

ആറളം പഞ്ചായത്തിലെ ഒരു വാർഡിന്റെ പേരാണ് ആറളം ഫാം. വനത്തോട് ചേർന്നു കിടക്കുന്ന പതിനായിരം ഏക്കർ വ്സ്തൃതിയുള്ള ആദിവാസി കോളനിയാണിത്. ഈ വാർഡിനെ പതിമൂന്ന് ബ്ളോക്കുകളായി തിരിച്ചിട്ടുണ്ട്. ഇതിൽ ആറ് ബ്ളോക്കുകളിലായി നിലവിൽ 1600 ആദിവാസി കുടുംബങ്ങൾ താമസിക്കുന്നു. ആറളം ഫാമിൽ കഴിയുന്ന ആദിവാസി കുടുംബങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന പദ്ധതിയാണ് ആറളം സ്പെഷ്യൽ പ്രോജക്ട്. ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം പദ്ധതിയിൽ ഉൾപ്പെടുത്തി അട്ടപ്പാടി പ്രത്യേക സമഗ്ര വികസന പദ്ധതിയുടെ മാതൃകയിലാണ് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. ആദിവാസികളുടെ ക്ഷേമത്തിനായി ഈ പദ്ധതി നടപ്പാക്കുന്നത് കുടുംബശ്രീയാണ്. റബ്ബർ, കുരുമുളക്, കശുമാവ്, കൊക്കോ, തെങ്ങ് എന്നിവയാണ് ഇവിടുത്തെ പ്രധാന കൃഷികൾ. കുടുംബശ്രീ മുഖേന നടപ്പാക്കുന്ന മഹിളാ കിസാൻ സശാക്തീകരൺ പരിയോജനയുടെ ഭാഗമായി ആദിവാസി വനിതകളെ ഉൾപ്പെടുത്തി 24 സംഘക്കൃഷി ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ട്.